സർഗവേദി



# മറുപുറം

മുനീർ മങ്കട

**ഒന്നാം** പുറം
ഒരിളം തെന്നൽ
ഒരു പാൽനുരത്തിര
പാരിജാതക്കുളിര്
ഇളംചൂടിന്റെ സൂര്യൻ
സുഖദമാമൊരു സംഗീതം

രണ്ടാം പുറം
ഒരു കൊടുങ്കാറ്റ്
ഒരു പേമാരി വർഷം
പർവതത്തിരകൾ
കത്തിയാളുന്ന സൂര്യൻ
പ്രകമ്പിതയാകുന്ന ഭൂമി

'ഈ ഭൂമിക്കിതെന്തു പറ്റി'
ചാനൽ സ്റ്റുഡിയോയിൽ
ഒരു ചോദ്യം
ഉത്തരം
ഭൂമി തന്നെ പറഞ്ഞുതുടങ്ങി
കഥനമൂറുന്ന കഥകൾ
കനലെരിയുന്ന സത്യങ്ങൾ
മനുഷ്യകരത്തിൻ ചെയ്തികൾ
മഹാ വിപത്തിൻ ഭീതികൾ
ഇതൊരു പുറം
ഇനിയുമൊരു മറുപുറം
വായിക്കാനുണ്ട്! ■

# തഴമ്പ്

അശ്റഫ് കാവിൽ



**സൃ**ഷ്ടിച്ചവനു മുമ്പിൽ
സാഷ്ടാംഗം പ്രണമിച്ച്
കറുത്തുപോയ തഴമ്പേ....
നാളെ
മഅ്ശറയിൽ
കർമങ്ങളുടെ
വിളവെടുപ്പുവേളയിൽ
എനിക്കു തുണയാകുമോ നീ...

വീണു പോയ
ചതിക്കുഴികളിൽ
തളയ്ക്കപ്പെട്ട
ചങ്ങലകളിൽ
മോഹിച്ചടിഞ്ഞ
യൗവനാസക്തികളിൽ
-നിന്നെല്ലാം
വെളിച്ചം കുടഞ്ഞ്
പ്രകാശ വഴികളിലേക്ക്
നടന്നെത്താൻ നിമിത്തമായത്
ആരാണോ?
അവനു മുമ്പാകെ
പേർത്തും പേർത്തും
പ്രണമിച്ച് പ്രണമിച്ച്
കറുത്തു പോയ
നെറ്റിത്തഴമ്പേ
കിരീടത്തിലെ
ഇന്ദ്രനീലക്കല്ലുപോലെ
തിളങ്ങുമോ നീ...
നാളെ
കർമങ്ങളുടെ
കണക്കെടുപ്പുവേളയിൽ
എനിക്കു തുണയാകുമോ?! ■